

ചാർട്ടേഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യൻ ബഹ്റൈൻ ചാപ്റ്റർ വാർഷിക സമ്മേളനം സംബന്ധിച്ച് സംഘാടകർ വാർത്താസമ്മേളനത്തിൽ വിശദീകരിക്കുന്നു

# ചാർട്ടേഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യൻ ബഹ്റൈൻ ചാപ്റ്റർ വാർഷിക സമ്മേളനം രണ്ടിനും മൂന്നിനും

**മനാമ:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യൻ ബഹ്റൈൻ ചാപ്റ്റർ വാർഷിക സമ്മേളനം ഡിസംബർ രണ്ട്, മൂന്ന് തീയതികളിൽ നടക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. 'വെല്ലുവിളികൾ അവസരങ്ങൾ സൃഷ്ടിക്കുന്നു' എന്ന തലക്കെട്ടിൽ ഹോട്ടൽ ഡിപ്ലോമാറ്റ് റാഡിസൻ ബ്ലൂവിലാണ് സമ്മേളനം. വ്യവസായ, വാണിജ്യ, വിനോദ സഞ്ചാര മന്ത്രി സായിദ് ബിൻ റാഷിദ് അസ്സയാനി രക്ഷാകർതൃത്വത്തിലാണ് സമ്മേളനം. സമ്മേളനത്തിൽ ഗൾഫ് മേഖലയിലെയും ഇന്ത്യയിൽനിന്നുമുള്ള 400 ഓളം ചാർട്ടേഡ് അക്കൗണ്ടൻറുമാർ പങ്കെടുക്കും. ബഹ്റൈൻ സെൻട്രൽ ബാങ്ക് പ്രതിനിധികൾ, വ്യവസായ വാണിജ്യ മന്ത്രാലയം, ബഹ്റൈൻ അക്കൗണ്ടൻറ് അസോസിയേഷൻ എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ സംബന്ധിക്കും. 18 പ്രമുഖർ സമ്മേളനത്തിൽ സംസാരിക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യ പ്രസിഡൻറ് സി.എ ദേവ്രാജ റെഡ്ഡി, വൈസ് പ്രസിഡൻറ് നിലേഷ് വികാംസി എന്നിവർ 'ചാർട്ടേഡ് അക്കൗണ്ട് പ്രൊഫഷൻെറ ഭാവിയും സാമ്പത്തിക പുരോഗതിയിൽ അതിന്റെ പങ്കും' എന്ന വിഷയത്തിൽ സംസാരിക്കും. 'ആധുനിക തൊഴിൽ സംഘങ്ങളിലെ നേതൃപരമായ വെല്ലുവിളികൾ' വിഷയത്തിൽ ബാങ്ക് ഓഫ് ബറോഡ മുൻ ചെയർമാൻ ഡോ. അനിൽ കാന്തൽവാൽ സംസാരിക്കും.

വാർത്താ സമ്മേളനത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യൻ ബഹ്റൈൻ ചാപ്റ്റർ ചെയർപേഴ്സൺ വിവേക് കപൂർ, വൈസ് ചെയർപേഴ്സൺ ഉദയ് ഷാൻബാഗ്, ജോയൽ ജോർജ് തുടങ്ങിയവർ പങ്കെടുത്തു.